പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2097 07.12.2015-ൽ മറുപടിക്ക്.

## പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മാടായിക്കാവിലെ ദേവസ്വം ഭൂമിയിൽ നിന്ന് 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കി ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | : (എ & ബി) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. നിർദ്ദിഷ്ട സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 21.12.2011 ലെ സ.ഉ (സാധാ) 3764/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. എങ്കിലും, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

VBeena

സെക്ഷൻ ഓഫീസർ